# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1941 16.02.2016-ൽ മറുപടിയ്ക്ക്

### ജനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനങ്ങളുടെ ജീവിതത്തിനും സ്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സംരക്ഷണം നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കൊള്ളയും പിടിച്ചുപറിയും പീഡനങ്ങളും കവർച്ചയും ഗുണ്ടാ ആക്രമണങ്ങളും ബലാത്സംഗങ്ങളും സംസ്ഥാനത്ത് നിത്യ സംഭവങ്ങളായിരിക്കുകയും, ജനങ്ങൾ ഭീതിയിൽ അകപ്പെട്ടിരിക്കുകയുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രവുമല്ല ഇത്തരം സാഹചര്യം കേരളത്തിൽ നിലവിലില്ല. |
| (സി) വീട്ടുകളിൽ കിടന്നുറങ്ങാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നാട്ടിലിറങ്ങി നടക്കാനും കഴിയാത്തതും വഴിയാത്രക്കാരെ ഗുണ്ടാ സംഘങ്ങൾ പട്ടാപ്പകൽ അടിച്ചുകൊല്ലുന്നതുമായ അന്തരീക്ഷം സംജാതമായെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ; | (സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമസമാധാനം സംസ്ഥാനത്ത് നിയന്ത്രണ വിധേയമാണ്. ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങളോ, സംഘടിത കുറ്റകൃത്യങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റവാളികളെ ഉടൻ തന്നെ അറസ്റ്റ് ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) ഫലപ്രദമായ നിയമ നടപടി ഉണ്ടാകാത്തതിനാൽ പീഡനക്കാരും പിടിച്ചുപറിക്കാരും ഗുണ്ടകളും മോഷ്ടാക്കളും നാട്ടിൽ ഏറിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ